പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **5902** **07. 07. 2014 -** ലെ മറുപടി

## ഇറാഖിൽ കുടുങ്ങിയ മലയാളികളെ നാട്ടിൽ എത്തിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി കെ.എസ്. സലീഖ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) ആഭ്യന്തര യുദ്ധം രൂക്ഷമായ ഇറാഖിൽ എത്ര മലയാളികൾ കുടുങ്ങികിടക്കുന്നുവെന്ന വിവരം ലഭ്യമാക്കുമോ ; | (എ) ആഭ്യന്തര യുദ്ധം രൂക്ഷമായ ഇറാഖിൽ കുടുങ്ങിക്കിടക്കുന്ന മലയാളികളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നോർക്കയിൽ അരംഭിച്ച ഹെൽപ് ലൈനിൽ ഇതുവരെ 284 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ആഭ്യന്തര യുദ്ധം രൂക്ഷമായതിനുശേഷം സംസ്ഥാന സർക്കാരിന്റെ നടപടിയെത്തുടർന്ന് നാളിതുവരെ എത്ര പേരെ നാട്ടിലെത്തിക്കാൻ സാധിച്ചു; ആയതിനു ചെലവായ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സമയോചിത ഇടപെടലുകളിലൂടെ ഇറാഖിലെ ഏറ്റവും കൂടുതൽ സംഘർഷമേഖലയായ തിക്രിതിൽ കുടുങ്ങിയ 45 മലയാളി നഴ്സുമാരെ സുരക്ഷിതമായി നാട്ടിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഇവരെ സുരക്ഷിതമായി വീട്ടിലെത്തിക്കുന്നതിന് കൊച്ചി എയർപ്പോർട്ടിൽ നോർക്ക വകുപ്പ് പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും അവർക്ക് അടിയന്തിര സഹായമായി 5000 രൂപ വീതം എയർപ്പോർട്ടിൽ തന്നെ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. അവരെ വീട്ടിലെത്തിക്കുന്നതിന് വാഹനവും ഏർപ്പെടുത്തുകയുണ്ടായി. ഇതിന് ചെലവഴിച്ച തുക സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല. |
| (സി) കുടുങ്ങികിടക്കുന്ന മലയാളികളെ നാട്ടിലെത്തിക്കുന്നതിന് സർക്കാർ നോർക്ക വകുപ്പിൽ നിന്നും ആരെയൊക്കെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (സി) നോർക്ക വകുപ്പിന്റെ നിർവ്വഹണ ഏജൻസിയായ നോർക്ക - റൂട്ട്സ് ആണ് ഇക്കാര്യത്തിൽ വേണ്ടുന്ന |

ഇത്തരത്തിൽ ചുമതലപ്പെടുത്തിയവർക്കുള്ള പ്രവർത്തനത്തിനായി നാളിതുവരെ എത്ര തുക നോർക്ക ചെലവഴിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ?

നടപടികൾ സ്വീകരിക്കുന്നത്. ഇതിനായി ഇറാഖിൽ നിന്ന് തിരിച്ചെത്തിക്കുന്ന മലയാളികൾക്ക് സഹായം നൽകുന്നതിനായി ഡൽഹി, മുംബൈ, കൊച്ചി എയർപ്പോർട്ടുകളിലും മുംബൈ, കൊച്ചി സീപോർട്ടിലും നോഡൽ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. തിരികെയെത്തുന്നവരെ സുരക്ഷിതമായി വീട്ടിലെത്തിക്കുകയും, ആവശ്യമെങ്കിൽ താമസ, ഭക്ഷണ സൌകര്യം ഏർപ്പെടുത്തുകയും അടിയന്തിര സഹായം നൽകുകയുമാണ് ഇവരുടെ ചുമതല. ഇവരുടെ പ്രവർത്തനത്തിനായി ചെലവഴിച്ച തുക സംബന്ധിച്ച വിവരം ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ